(ഡി) പെയിന്റേഴ്സിന് അലർജി സംബന്ധമായി ഉണ്ടാകുന്ന അസുഖങ്ങൾക്ക് സൗജന്യമായി ടെസ്റ്റ് നടത്തി ചികിത്സാ സഹായം നൽകാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) കേരള സ്വതന്ത്ര പെയിന്റേഴ്സ് ആന്റ് ആർട്ടിസ്റ്റ് തൊഴിലാളി യൂണിയൻ, കേരള ആർട്സ് ആന്റ് പബ്ലിസിറ്റി അസോസിയേഷൻ എന്നീ യൂണിയനുകളുടെ നിവേദനം പരിഗണിച്ചിട്ടുണ്ട്.

(ബി) ഈ വിഭാഗത്തിൽപ്പെട്ട തൊഴിലാളികൾ കെട്ടിട നിർമ്മാണ തൊഴിലാളി ക്ഷേമനിധി നിയമത്തിന്റെ പിരിധിയിൽപ്പെടുന്നവരാണ്. പ്രസ്തുത നിയമത്തിന്റെ പട്ടിക-1ൽ പെയിന്റർമാരെ ഉൾപ്പെടുത്തിയിരിക്കുന്നതിനാൽ ബന്ധപ്പെട്ട ക്ഷേമനിധി നിയമത്തിലെ പെൻഷൻ ഉൾപ്പെടെയുള്ള ആനുകൂല്യങ്ങൾക്ക് അവർ അർഹരാണ്.

(സി) തല്ക്കാലം സർക്കാരിന്റെ പരിഗണനയിലില്ല.

(ഡി) കെട്ടിട നിർമ്മാണ തൊഴിലാളി ക്ഷേമനിധി ബോർഡിൽ അംഗത്വമെടുത്താൽ ചികിത്സാ ആനുകൂല്യങ്ങൾ ലഭിക്കുന്നതാണ്.

കൊല്ലം ജില്ലയിൽ ഇ. എസ്. ഐ. ആശുപത്രികളിൽ ഫാർമസിസ്റ്റ് ഗ്രേഡ്-2 ന്റെ നിയമനം

143 (2055) ശ്രീ. എഴുകോൺ നാരായണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൊല്ലം ജില്ലയിൽ ഇ. എസ്. ഐ. ആശുപത്രിയിൽ ഫാർമസിസ്റ്റ് ഗ്രേഡ്-2 ന്റെ എത്ര ഒഴിവുകൾ നിലവിലുണ്ട് ;

(ബി) ഈ തസ്തികയിലേയ്ക്ക് നിയമനം നടത്തുന്നതിനായുള്ള റാങ്ക് ലിസ്റ്റ് നിലവിൽ വന്നത് എന്നാണ് ;

(സി) പി. എസ്. സി. ലിസ്റ്റ് നിലവിൽവന്നശേഷവും ജില്ലയിലെ ഏതാനും ഇ.എസ്.ഐ. ആശുപത്രികളിൽ എപ്ലോയ്മെന്റ് മുഖാന്തിരം നിയമിച്ച ആളുകളെ തുടരാൻ അനുവദിച്ച് പി. എസ്. സി. ലിസ്റ്റിലുള്ള ഉദ്യോഗാർത്ഥികളുടെ അവസരം നിഷേധിക്കുന്നത് സംബന്ധിച്ച് കൊല്ലം ജില്ലാ ഇ.എസ്.ഐ. ഫാർമസിസ്റ്റ് റാങ്ക് ഹോൾഡേഴ്സ് അസോസിയേഷന്റെ പരാതി സർക്കാരിന് ലഭിച്ചിട്ടുണ്ടോ ;

(ഡി) എങ്കിൽ പി. എസ്. സി. ലിസ്റ്റ് നിലവിലുള്ള സാഹചര്യത്തിൽ എപ്ലോയ്മെന്റ് നിയമനം അവസാനിപ്പിച്ച് റാങ്ക് ലിസ്റ്റിലുള്ളവർക്ക് നിയമന ശുപാർശ നൽകുന്നതിന് നടപടി സ്വീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) നാല്.

(ബി) 23-10-1998-ൽ.

(സി) ഉണ്ട്.

(ഡി) സ്വീകരിച്ചിട്ടുണ്ട്.

സ്വകാര്യ ആശുപത്രി ജീവനക്കാരുടെ മിനിമം വേതനം

144 (T 2056) ശ്രീമതി കെ. ആർ. ഗൗരിയമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സ്വകാര്യ ആശുപത്രി ജീവനക്കാരുടെ മിനിമം വേതനം പുതുക്കി നിശ്ചയിക്കാൻ സർക്കാർ തീരുമാനിച്ചിട്ടുണ്ടോ ;

(ബി) സ്വകാര്യ ആശുപത്രി ജീവനക്കാരുടെ മിനിമം വേതനം പുതുക്കി നിശ്ചയിക്കുന്നത് സംബന്ധിച്ച് ഹൈക്കോടതിയിൽ നിന്ന് എന്തെങ്കിലും ഉത്തരവുണ്ടായിട്ടുണ്ടോ ; എങ്കിൽ കോടതി ഉത്തരവ് നടപ്പിലാക്കിയിട്ടുണ്ടോ ;

(സി) മിനിമം വേതനം പുതുക്കി നിശ്ചയിക്കാൻ അടിയന്തിര നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) കോടതിയിൽ നിന്നും ഉത്തരവുണ്ടായിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ മിനിമം വേതനം പുതുക്കി നിശ്ചയിക്കുന്നതിന് 10-5-99 ൽ 19664/ഇ1/96/തൊഴിൽ നമ്പർ പ്രാഥമിക വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. ഇത് 19-5-99 ലെ അസാധാരണ ഗസറ്റായി വന്നിട്ടുണ്ട്.

(സി) മുകളിലത്തെ ഉത്തരം കണ്ടാലും.

ഉത്തരം ലഭിച്ചിട്ടില്ലാത്ത ചോദ്യങ്ങൾ

1937, 1956, 1957, 1959, 1985 എന്നീ നമ്പർ നക്ഷത്ര ചിഹ്നമില്ലാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ എഡിറ്റിംഗ് ബ്രാഞ്ചിൽ ലഭ്യമായിട്ടില്ല.

(ചോദ്യോത്തരങ്ങൾ കഴിഞ്ഞു)

T മാറ്റിവയ്ക്കപ്പെട്ട ചോദ്യത്തെ സൂചിപ്പിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly